# നീതിവേദി

www.neethivedhi.org



നീതി ഔദാര്യമല്ല...
അവകാശമാണ്...

# വനിതാ സൗഹൃദ കൂട്ടായ്മ

ജനുവരി 1 ന് മേപ്പേരിക്കുന്ന് വനിതാ ക്ലബ് അംഗങ്ങളുടെ പുതുവത്സര ആഘോഷം നടത്തി. ശ്രീമതി മേഴ്സി സ്വാഗതം ആശംസിച്ചു. ശ്രീമതി അന്നക്കുട്ടി അദ്ധ്യക്ഷത വഹിച്ചു. വനിതാ ക്ലബ് അംഗങ്ങൾ പൂപ്പൊലിയിൽ പോകാൻ തീരുമാനിച്ചു. ജനുവരി 14 ന് കൽപ്പറ്റ വെച്ച് ഹാപ്പിനെസ്സ് പ്രോഗ്രാം നടക്കുന്ന കാര്യം മീറ്റിംഗിൽ പറഞ്ഞു. വാർഡ് മെമ്പർ ശ്രീമതി ഉഷ രാജേന്ദ്രൻ ന്യൂഇയർ കേക്ക് മുറിച്ചു. ശ്രീമതി ഫിലോമിന നന്ദി പറഞ്ഞു. 12 പേർ മീറ്റിംഗിൽ പങ്കെടുത്തു.



ജനുവരി 11 ന് അടിച്ചിലാടി സ്വപ്നക്കൂട് വനിതാ ക്ലബ് അംഗങ്ങളുടെ മീറ്റിംഗ് നടത്തി. ശ്രീമതി ലിമ സ്വാഗതം ആശംസിച്ചു. ശ്രീമതി വസന്ത അദ്ധ്യക്ഷത വഹിച്ചു. വനിതാ ക്ലബ് അംഗങ്ങൾ പൂപ്പൊലിയിൽ പോകാൻ തീരുമാനിച്ചു. ജനുവരി 14 ന് കൽപ്പറ്റ വെച്ച് ഹാപ്പിനെസ്സ് പ്രോഗ്രാം നടക്കുന്ന കാര്യം മീറ്റിംഗിൽ പറഞ്ഞു. മുതിർന്ന അംഗങ്ങളായ അന്നമ്മ, മാക്ക എന്നിവർ ചേർന്ന് ന്യൂഇയർ കേക്ക് മുറിച്ചു. ശ്രീമതി അന്നമ്മ നന്ദി പറഞ്ഞു. 14 പേർ മീറ്റിംഗിൽ പങ്കെടുത്തു.

ജനുവരി 12 ന് അടിച്ചിലാടി, താഴത്തുവയൽ, എന്നീ വനിതാ ക്ലബ് അംഗങ്ങൾ അമ്പലവയൽ പൂപ്പൊലി യിൽ പങ്കെടുത്തു.





# ഹാപ്പിനെസ്സ് പ്രോഗ്രാം





ജനുവരി 14 ന് കൽപ്പറ്റ എം ജി റ്റി ഹാളിൽ വെച്ച് നീതിവേദി വനിതാ ക്ലബ് അംഗങ്ങൾക്കായി ഹാപ്പിനെസ്സ് പ്രോഗ്രാം സംഘടിപ്പിച്ചു. ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിച്ചു. അഡ്വ ജോമോൾ ജോയി, ശ്രീമതി സൂര്യ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. വിവിധ ഗെയിമുകൾ സംഘടിപ്പിച്ചു. പരിപാടി യിൽ 33 പേർ പങ്കെടുത്തു.

# പട്ടിക വർഗ്ഗ ജനപ്രതിനിധികളെ ആദരിച്ചു





ജനുവരി 28 ന് കൽപ്പറ്റ എം ജി റ്റി ഹാളിൽ വെച്ച് നീതിവേദിയുടെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടിക വർഗ്ഗ ജനപ്രതിനിധികളെ ആദരിച്ചു. ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ കെ. ഐ. തോമസ് സാർ സ്വാഗതം ആശംസിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു അദ്ധ്യക്ഷത വഹിച്ച യോഗം കൽപ്പറ്റ മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീ പി വിശ്വനാഥൻ ഉദ്ഘാടനം ചെയ്തു. ആദിവാസി വികസന സാധ്യതകൾ സംബന്ധിച്ച് പട്ടിക വർഗ വകുപ്പ് റിട്ട.ജോയിന്റ് ഡയറക്ടർ ശ്രീ ഇ ജി ജോസഫ്, റിട്ട.സ്പെഷ്യൽ ഗ്രേഡ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ കെ കെ ചന്ദ്രശേഖരൻ എന്നിവർ വിഷയാ വതരണം നടത്തി. 53 പേർ പരിപാടിയിൽ പങ്കെടുത്തു.

# ഗവേർണിംഗ് ബോഡി



ജനുവരി 28 ന് ഉച്ചകഴിഞ്ഞ് 2.45 ന് നീതിവേദി ഗവേർണിംഗ് ബോഡി അംഗങ്ങളുടെയും സ്റ്റാഫ് അംഗങ്ങളുടെയും മീറ്റിംഗ് നടന്നു. പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു അദ്ധ്യക്ഷത വഹിച്ചു. നീതിവേദി വൈസ് പ്രസിഡന്റായിരുന്ന മിനി വാഴവറ്റയുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ഫ്ളയ്സി ജോസ് റിപ്പോർട്ട് അവതരിപ്പിച്ചു. നീതിവേദി വൈസ് പ്രസിഡന്റായിരുന്ന മിനി വാഴവറ്റക്ക് പകരം ശ്രീമതി സബിത കെ ബിയെ തിരഞ്ഞെടുത്തു. അസിംപ്രേംജി ഫൗണ്ടേഷനിൽ നീതിവേദി സമർപ്പിച്ച പ്രോജക്ട് അപ്രൂവൽ ആയി മെയിൽ വന്ന വിവരവും പ്രോജക്ടിലെ പ്രവർത്തനങ്ങളും യോഗത്തിൽ വിശദീകരിച്ചു. നീതിവേദി ഓഫീസ് കാക്കവയലിൽ നിന്നും കൽപ്പറ്റയിലേക്ക് മാറ്റുന്ന കാര്യങ്ങൾ ചർച്ച ചെയ്തു. ഫെബ്രുവരി 19 ന് കൽപ്പറ്റ ഓഫീസ് ഉത്ഘാടനം നടത്താൻ തീരുമാനിച്ചു. നീതിവേദിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും റൂൾസ് ആന്റ് റെഗുലേഷൻസും അമെന്റ് ചെയ്യാൻ തീരുമാനിച്ചു. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ജനറൽ ബോഡി യോഗം ചേരാൻ തീരുമാനിച്ചു. പുതുതായി തയ്യാറാക്കിയ HR, POSH, Finance പോളിസികൾ യോഗം അംഗീകരിച്ചു. 12 പേർ യോഗത്തിൽ പങ്കെടുത്തു. സൂര്യ നന്ദി പറഞ്ഞു.

# ജില്ലാ പീസ് ഫോറം



ഫെബ്രുവരി 19 ന് ജില്ലാ പീസ് ഫോറം മീറ്റിംഗ് നടത്തി. ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ കെ.ഐ തോമസ് അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്തുതല പ്രവർത്തനങ്ങൾ വിലയിരുത്തി. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പീസ് കമ്മറ്റികൾ നടത്തുന്നതിനായി തീരുമാനിച്ചു. ഫെബ്രുവരി 28 ന് ആദിവാസി യുവജന ട്രെയിനിംഗ് നടത്താനും മാർച്ച് 10 ന് വനിതാ ദിനാചരണം നടത്താനും തീരുമാനിച്ചു. നീതിവേദിയുടെ ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ചർച്ചകൾക്ക് ഫാ.സ്റ്റീഫൻ മാത്യു മോഡറേറ്ററായിരുന്നു.

# പീസ് കമ്മറ്റി മീറ്റിംഗ്






ഫെബ്രുവരി 25 ന് സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി മിനി കോൺഫറൻസ് ഹാളിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ഫ്ളയ്സി ജോസ് സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി എലിസബത്ത് ടീച്ചർ അദ്ധ്യക്ഷത വഹിച്ച യോഗം മുനിസിപ്പാലിറ്റി ചെയർപേഴ്സൺ ശ്രീമതി നസീറ അബ്ദുൾ ഖാദർ ഉത്ഘാടനം ചെയ്തു. കൺവീനറായി ശ്രീ വിജയാനന്ദ്, കോർ ടീം വോളണ്ടിയർമാരായി ശ്രീമതി പ്രീത, ശ്രീമതി അജ്ഞലി ടീച്ചർ എന്നിവരെ തിരഞ്ഞെടുത്തു. നീതിവേദി ഇടപെടൽ നടത്തേണ്ട വിഷയങ്ങളും നീതിവേദിയുടെ പ്രവർത്തനങ്ങളും സംബന്ധിച്ച് ചർച്ചകൾ നടത്തി. ശ്രീമതി പ്രീത നന്ദി പറഞ്ഞു. 31 പേർ മീറ്റിംഗിൽ പങ്കെടുത്തു.





ഫെബ്രുവരി 26 ന് വെള്ളമുണ്ട വിജ്ഞാൻ ലൈബ്രറിയിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. കൺവീനർ ശ്രീമതി സൂസൻ തോമസ് സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി ചെയർമാൻ ശ്രീ ചന്ദ്രശേഖരൻ അദ്ധ്യക്ഷത വഹിച്ചു. ശ്രീ സഹദേവൻ മാസ്റ്റർ ആശംസകൾ നേർന്നു സംസാരിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു ചർച്ചകൾക്ക് നേതൃത്വം നൽകി. കോർ ടീം വോളണ്ടിയർമാരായി ശ്രീമതി ഷൈജി ഷിബു, ശ്രീമതി സന്ധ്യ എന്നിവരെ തിരഞ്ഞെടുത്തു. നീതിവേദി ഇടപെടൽ നടത്തേണ്ട വിഷയങ്ങളും നീതിവേദിയുടെ പ്രവർത്തനങ്ങളും സംബന്ധിച്ച് ചർച്ചകൾ നടത്തി. മാസത്തിലൊരിക്കൽ വിജ്ഞാൻ ലൈബ്രറിയിൽ വെച്ച് നീതിവേദി ലീഗൽ സിറ്റിംഗ് നടത്താൻ തീരുമാനിച്ചു. 16 പേർ മീറ്റിംഗിൽ പങ്കെടുത്തു.




2026 മാർച്ച് 4 ന് പൊഴുതന പഞ്ചായത്ത് ഹാളിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീ വേലായുധൻ സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി ചെയർമാൻ ശ്രീ കെ പി ജോൺ അദ്ധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ അബ്ദുൾ നാസർ ഉത്ഘാടനം ചെയ്തു. കോർ ടീം വോളണ്ടിയർമാരായി ശ്രീമതി രാജലക്ഷ്മി, ശ്രീ കെ വി രാമൻ എന്നിവരെ തിരഞ്ഞെടുത്തു. നീതിവേദി ഇടപെടൽ നടത്തേണ്ട വിഷയങ്ങളും നീതി വേദിയുടെ പ്രവർത്തനങ്ങളും സംബന്ധിച്ച് ചർച്ചകൾ നടത്തി. ചർച്ചകൾക്ക് ശ്രീമതി ഫ്ളയ്സി ജോസ് നേതൃത്വം നൽകി. വൈത്തിരി താലൂക്ക് കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ നന്ദി പറഞ്ഞു. 20 പേർ മീറ്റിംഗിൽ പങ്കെടുത്തു.





2026 മാർച്ച് 5 ന് കണിയാമ്പറ്റ പഞ്ചായത്ത് ഹാളിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി ചെയർമാൻ ശ്രീ ഉണ്ണികൃഷ്ണൻ ചീക്കല്ലൂർ അദ്ധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ വി പി യൂസഫ് ഉത്ഘാടനം ചെയ്തു. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ ശ്രീ സുരേഷ് ബാബു, ശ്രീ ഫൈസൽ, ശ്രീമതി മറിയം അബ്ദുൾറഹിം എന്നിവർ ആശംകൾ നേർന്ന് സംസാരിച്ചു. കോർ ടീം വോളണ്ടിയർമാരായി ശ്രീമതി സബിത, ശ്രീമതി ഓമന എന്നിവരെ തിരഞ്ഞെടുത്തു. നീതിവേദി ഇടപെടൽ നടത്തേണ്ട വിഷയങ്ങളും നീതിവേദിയുടെ പ്രവർത്തനങ്ങളും സംബന്ധിച്ച് ചർച്ചകൾ നടത്തി. ചർച്ചകൾക്ക് ശ്രീമതി ഫ്ളയ്സി ജോസ് നേതൃത്വം നൽകി. ഫീൽഡ് വർക്കർ ശ്രീമതി വൽസ ദേവസ്യ നന്ദി പറഞ്ഞു. 24 പേർ മീറ്റിംഗിൽ പങ്കെടുത്തു.





മാർച്ച് 9 ന് മീനങ്ങാടി പഞ്ചായത്ത് ഹാളിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിക്കുകയും നീതിവേദി പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. പീസ് കമ്മറ്റി ചെയർമാൻ ശ്രീ എം ജി ബേബി അദ്ധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശ്രീജ സുരേഷ് ഉദ്ഘാടനം ചെയ്തു. നീതിവേദി ഇട പെടൽ നടത്തിയ പ്രവർത്തന റിപ്പോർട്ട് ശ്രീമതി മിനി സാജു അവതരിപ്പിച്ചു. മീനങ്ങാടി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ പി കെ സജീവൻ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീ ബിനു കെ റ്റി, മെമ്പർ ശ്രീമതി സാലി പൗലോസ്, പീസ് കമ്മറ്റി കൺവീനർ ശ്രീ ശശിധരൻ എന്നിവർ ആശംകൾ നേർന്ന് സംസാരിച്ചു. കോർ ടീം വോളണ്ടിയർമാരായി  ശ്രീമതി ശാന്തി സുനിൽ, ശ്രീമതി മിനി സാജു, ശ്രീ എം കെ ശിവരാമൻ എന്നിവരെ തിരഞ്ഞെടുത്തു. നീതിവേദി ഇടപെടൽ നടത്തേണ്ട വിഷയങ്ങളും നീതിവേദിയുടെ പ്രവർത്തനങ്ങളും സംബന്ധിച്ച് ചർച്ചകൾ നടത്തി. ചർച്ചകൾക്ക് ശ്രീമതി ഫ്ളയ്സി ജോസ് നേതൃത്വം നൽകി. കോർ ടീം വോളണ്ടിയർ ശ്രീമതി ശാന്തി സുനിൽ നന്ദി പറഞ്ഞു. 27 പേർ മീറ്റിംഗിൽ പങ്കെടുത്തു.









2026 മാർച്ച് 23 ന് മൂപ്പൈനാട് പഞ്ചായത്തിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിക്കുകയും നീതിവേദി പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സി വി സുധ അദ്ധ്യക്ഷത വഹിച്ചു. നീതിവേദി ഇടപെടൽ നടത്തിയ പ്രവർത്തന റിപ്പോർട്ട് ശ്രീ ജ്യോതിഷ് കുമാർ അവതരിപ്പിച്ചു. ചെയർമാനായി ശ്രീ സുരേഷ് ബാബു, കൺവീനറായി ശ്രീമതി റഹിയാനത്ത്, കോർ ടീം വോളണ്ടിയർമാരായി ശ്രീമതി യമുന, ശ്രീ ഹംസ എന്നിവരെ തിരഞ്ഞെടുത്തു. നീതിവേദി ഇടപെടൽ നടത്തേണ്ട വിഷയങ്ങളും നീതിവേദിയുടെ പ്രവർത്തനങ്ങളും സംബന്ധിച്ച് ചർച്ചകൾ നടത്തി. ചർച്ചകൾക്ക് ശ്രീമതി ഫ്ളയ്സി ജോസ് നേതൃത്വം നൽകി. കോർ ടീം വോളണ്ടിയർ ശ്രീമതി ജൂബിലി നന്ദി പറഞ്ഞു. 24 പേർ മീറ്റിംഗിൽ പങ്കെടുത്തു.





# ഏകദിന ക്യാമ്പ്





ഫെബ്രുവരി 28 ന് നീതിവേദി ഓഫീസിൽ വെച്ച് ആദിവാസി യുവജനങ്ങൾക്കായി ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ. ഫാ. സ്റ്റീഫൻ മാത്യു പരിപാടി ഉദ്ഘാടനം ചെയ്തു. ശ്രീ മാത്യൂസ് വയനാട്, ശ്രീമതി കമല എന്നിവർ റിസോഴ്സ് പേഴ്സൺസ് ആയിരുന്നു. ഭാവിപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് ഫ്ളയ്സി ജോസ് നേതൃത്വം നൽകി. ജ്യോതിഷ് കുമാർ ക്യാമ്പിന് നേതൃത്വം നൽകി. 28 പേർ പങ്കെടുത്തു.





# ബോധവത്ക്കരണ ക്ലാസ്സ്

ജനുവരി 17 ന് വാകേരി ട്രൈബൽ ഗേൾസ് ഹോസ്റ്റലിലെ കുട്ടികൾക്കായി കൗമാരകാലഘട്ടം എങ്ങനെ നേരിടാം എന്ന വിഷയത്തെ സംബന്ധിച്ച ബോധ വത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ശ്രീമതി സൂര്യ എസ് ബിനു ക്ലാസ്സിന് നേതൃത്വം നൽകി. 37 കുട്ടികൾ പങ്കെടുത്തു.





# നീതിവേദിയുടെ പുതിയ ഓഫീസ് ഉദ്ഘാടനം





ഫെബ്രുവരി 19 ന് നീതിവേദിയുടെ പുതിയ ഓഫീസ് ഉദ്ഘാടനം നടന്നു. രാവിലെ 11 മണിയ്ക്ക് നീതിവേദി സ്ഥാപകനായ ഡോ.തോമസ് ജോസഫ് തേരകം നാടമുറിച്ചു. തുടർന്ന് നടന്ന ചടങ്ങിൽ അഡ്വ.ഫാ.സ്റ്റീഫൻ മാത്യു സ്വാഗതം ആശംസിച്ചു. ഡോ.തോമസ് ജോസഫ് തേരകം അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ സുനിൽ കുമാർ ഉത്ഘാടനം ചെയ്തു. ജില്ലാ വനിതാ ശിശു വികസന വകുപ്പ് ഓഫീസർ ശ്രീമതി ബിന്ദു ഭായ്, ജില്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി ഗീത എൻ പി, ജില്ലാ ഇന്റർ ഏജൻസി ഗ്രൂപ്പ് കൺവീനർ ഫാ. ഡേവിഡ് ആലിങ്കൽ, വനിതാ സെൽ എ.എസ്.ഐ ശ്രീമതി ജാൻസി ജോസ്, സീനിയർ ലോയർ അഡ്വ.വി പി എൽദോ, ശ്രീ ബിജു കാക്കത്തോട് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ഗവേർണിംഗ് ബോഡി അംഗങ്ങൾ, എസ്.പി സി പ്രവർത്തകർ, പീസ് ഫോറം ഭാരവാഹികൾ, കോർ ടീം വോളണ്ടിയർമാർ, നീതിവേദി കുടുംബാംഗങ്ങൾ എന്നിവർ പങ്കെടുത്തു.



# സഹേലി സംഗമം 2k26

2026 മാർച്ച് 24 ന് നീതിവേദി ഓഫീസിൽ വെച്ച് അന്തർദേശീയ വനിതാദിനാഘോഷം ‘സഹേലി സംഗമം 2k26’ സംഘടിപ്പിച്ചു. മെന്റൽ ഹെൽത്ത് പ്രോഗ്രാം വയനാട് ജില്ലാ കോർഡിനേറ്റർ ശ്രീമതി ആഷാ പോൾ ‘സ്ട്രെസ്സ് മാനേജ്മെന്റ്’ എന്ന വിഷയവുമായി ബന്ധപ്പെട്ട ക്ലാസ്സ് നയിച്ചു. തുടർന്ന് വനിതാ സൗഹൃദ ക്ലബ് അംഗങ്ങളുടെ വിവിധ പരിപാടികൾ നടത്തി. തുടർന്ന് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ നീതി വേദി കൗൺസിലർ ശ്രീമതി സൂര്യ എസ് ബിനു സ്വാഗതം ആശംസിച്ചു. ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് അദ്ധ്യക്ഷത വഹിച്ച യോഗം ജില്ലാ വനിതാ ശിശു വികസന വകുപ്പ് ഓഫീസർ ശ്രീമതി ബിന്ദു ഭായ് ഉദ്ഘാടനം ചെയ്തു. മീനങ്ങാടി ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി മിനി സാജു, വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ഷൈജി ഷിബു എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. നീതിവേദി മുൻ സ്റ്റാഫ് അംഗങ്ങളും കോർ ടീം വോളണ്ടിയർമാരുമായ ജനപ്രതിനിധികളെ യോഗത്തിൽ വെച്ച് ആദരിച്ചു. പടിഞ്ഞാറത്തറ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അസ്മ കെ,കെ, മീനങ്ങാടി ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ശ്രീമതി മിനി സാജു, ശ്രീമതി ശാന്തി സുനിൽ, വെള്ളമുണ്ട ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീമതി ഷൈജി ഷിബു, മുട്ടിൽ പഞ്ചായത്ത് മെമ്പർ ശ്രീമതി ആയിഷാബി എന്നിവരെയാണ് ആദരിച്ചത്. നീതിവേദിയോടൊപ്പം സഹകരിച്ച് പ്രവർത്തിച്ച ശ്രീമതി വൽസ ദേവസ്യ, ശ്രീമതി മിനി സാജു, ശ്രീമതി ഇന്ദുലേഖ എന്നിവർക്ക് നീതി വേദിയുടെ സ്നേഹോപഹാരവും നൽകി. ശ്രീമതി ജൂബിലി അനീഷ് നന്ദി പറഞ്ഞു. 52 പേർ പരിപാടിയിൽ പങ്കെടുത്തു.



# ജനറൽ ബോഡി മീറ്റിംഗ്




2026 മാർച്ച് 24 ന് ഉച്ചകഴിഞ്ഞ് നീതിവേദി ഓഫീസിൽ വെച്ച് ജനറൽ ബോഡി മീറ്റിംഗ് നടത്തി. നീതിവേദി വൈസ് പ്രസിഡന്റ് ശ്രീമതി സബിത സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു അദ്ധ്യക്ഷത വഹിച്ചു. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 12AB പ്രകാരവും നീതിവേദി യുടെ ഓഫീസ് അഡ്രസ്സ് മാറ്റുന്നതിനുമായി നീതിവേദിയുടെ നിയമാവലി യിൽ കൂട്ടിചേർക്കലുകൾ നടത്തുന്നതിനുള്ള തീരുമാനം ജനറൽ ബോഡി യോഗത്തിൽ പാസ്സാക്കി. സെക്രട്ടറി ശ്രീമതി ഫ്ളയ്സി ജോസ് നന്ദി പറഞ്ഞു. 33 പേർ മീറ്റിംഗിൽ പങ്കെടുത്തു.

# മറ്റ് പ്രവർത്തനങ്ങൾ



ഫെബ്രുവരി 11,12,13 തിയതികളിൽ ബത്തേരി സെന്റ് മേരീസ് കോളേജിൽ വെച്ച് നടന്ന നാഷണൽ സെമിനാറിൽ നീതിവേദി പ്രവർത്തകർ പങ്കെടുത്തു. ഫെബ്രുവരി 12 ന് നടന്ന ആദിവാസി മേഖലയിലെ നിയമ ഇടപെടലുകളുമായി ബന്ധപ്പെട്ട പാനൽ ചർച്ചയിൽ നീതിവേദി പ്രസിഡന്റ് അഡ്വ. ഫാ. സ്റ്റീഫൻ മാത്യു, ലീഗൽ കൗൺസിലർ അഡ്വ. ജോമോൾ ജോയി, ശ്രീ ബിജു കാക്കത്തോട് എന്നിവർ വിഷയാവതരണം നടത്തി. ശ്രീ സോണി പെല്ലിശ്ശേരി മോഡറേറ്ററായിരുന്നു.





മാർച്ച് 8 ന് അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് കേരള പോലീസിന്റെ ആഭിമുഖ്യത്തിൽ രാത്രി 8 മണി മുതൽ നടത്തിയ നിർഭയ നിശാ പ്രോജക്ട് ജില്ലാതല ഉദ്ഘാടനത്തിലും കൽപ്പറ്റ സിവിൽ സ്റ്റേഷൻ മുതൽ പുതിയ സ്റ്റാൻഡ് വരെയുള്ള വനിത കളുടെ കൂട്ടനടത്തത്തിലും നീതിവേദിയെ പ്രതിനിധീകരിച്ച് ശ്രീമതി ജൂബിലി, അനീഷ് ബാബു എന്നിവർ പങ്കെടുത്തു.

മാർച്ച് 10 ന് വയനാട് ജില്ലാ വനിതാ ശിശു വികസന വകുപ്പ് ഓഫീസ് സമുച്ചയത്തിന്റെ ഉദ്ഘാടന പരിപാടിയിൽ നീതിവേദിയെ പ്രതിനിധീകരിച്ച് ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി സൂര്യ എന്നിവർ പങ്കെടുത്തു.

മാർച്ച് 16 ന് കളക്ട്രേറ്റിലെ ജില്ലാ സ്പോർട്സ് കൗൺസിൽ ഹാളിൽ വെച്ച് നടന്ന ലോക ഉപഭോക്തൃ അവകാശ ദിനാചരണത്തിൽ നീതി വേദിയെ പ്രതിനിധീകരിച്ച് ശ്രീമതി ഫ്ളൈസി ജോസ് പങ്കെടുത്തു.

മാർച്ച് 31 ന് നീതിവേദി ഓഫീസിൽ വെച്ച് സ്റ്റാഫ് അംഗങ്ങൾക്ക് ട്രെയിനിംഗ് നൽകി






HAPPY
Easter
DAY
HAPPY
Vishu
NEETHI VEDHI
പി. ഡബ്ല്യു. ഡി. റെസ്റ്റ് ഹൗസ് റോഡ്, സിവിൽ സ്റ്റേഷൻ
കൽപ്പറ്റ നോർത്ത്, വയനാട്–673122
ഫോൺ – 04936 246788, 9496197378
neethivedhi@gmail.com
www.neethivedhi.org